# ഉത്തരവാദപ്പെട്ടവർക്കും മൂപ്പന്മാർക്കും വേണ്ടിയുള്ള അന്താരാഷ്ട്ര പരിശീലനം

ഒക്ടോബർ 2024

പൊതുവിഷയം:

ദൈവരാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുന്നു

## ദൂത് മൂന്ന്

## രാജ്യവും സഭയും

JL *Hymns*: ML611 (E941)

തിരുവെഴുത്ത് വായന: മത്തായി. 16:18-19; 18:17-18; 13:44-46; മർക്കൊ. 4:26-29; റോമ. 14:17; 1 കൊരി. 4:20; ഗലാ. 5:19-21; കൊലൊ. 4:11; വെളി. 11:15; 12:10

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

മത്താ. 16:19 സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും.

മത്താ. 18:17 അവൻ അവരെ കേൾക്കുവാൻ വിസമ്മതിച്ചാൽ, അതു സഭയോടു പറയുക; അവൻ സഭയെയും കേൾക്കുവാൻ വിസമ്മതിച്ചാൽ അവൻ നിനക്കു ജാതീയനും ചുങ്കക്കാരനും എന്നപോലെ ആകട്ടെ.

മത്താ. 18:18 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും.

മത്താ. 13:44 സ്വർഗരാജ്യം വയലിൽ മറഞ്ഞിരുന്ന നിധിയോട് സദൃശം, അതിനെ ഒരു മനുഷ്യൻ കണ്ടെത്തിയിട്ട് മറച്ചുവച്ച്, തന്റെ സന്തോഷത്തിൽ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുന്നു.

മത്താ. 13:45 വീണ്ടും, സ്വർഗരാജ്യം ശ്രേഷ്ഠമായ മുത്തുകൾ അന്വേഷിക്കുന്ന ഒരു വ്യാപാരിയോട് സദൃശം;

മത്താ. 13:46 വിലയേറിയ ഒരു മുത്ത് കണ്ടെത്തിയിട്ട്, അവൻ പോയി തനിക്കുണ്ടായിരുന്ന സകലവും വിറ്റ് അതിനെ വാങ്ങി.

മർക്കൊ. 4:26 പിന്നെ അവൻ പറഞ്ഞു, ഒരു മനുഷ്യൻ ഭൂമിയിൽ വിത്ത് എറിഞ്ഞതുപോലെ ആകുന്നു ദൈവരാജ്യവും,

മർക്കൊ. 4:27 പിന്നെ രാത്രിയും പകലും ഉറങ്ങിയും ഉണർന്നും, വിത്തു മുളയ്ക്കുകയും വളരുകയും ചെയ്യുന്നു, എങ്ങനെ എന്ന് അവൻ അറിയുന്നില്ല.

മർക്കൊ. 4:28 ഭൂമി തന്നെത്താൻ ഫലം കായ്ക്കുന്നു, ആദ്യം ഇലയും, പിന്നെ കതിരും, പിന്നെ കതിരിൽ നിറഞ്ഞ ധാന്യവും.

മർക്കൊ. 4:29 എന്നാൽ ഫലം വിളയുമ്പോൾ, കൊയ്ത്തു വന്നതിനാൽ ഉടനെ അവൻ അരിവാൾ അയയ്ക്കുന്നു.

റോമ. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും

സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

1 കൊരി. 4:20 ദൈവരാജ്യം സംസാരത്തിൽ അല്ല ശക്തിയിലത്രേ ആകുന്നു.

ഗലാ. 5:19 ജഡത്തിന്റെ പ്രവൃത്തികളോ, പരസംഗം, അശുദ്ധി, ദുഷ്കാമം,

ഗലാ. 5:20 വിഗ്രഹാരാധന, ആഭിചാരം, ശത്രുത, പോര്, സ്പർധ, കോപത്തോടുകൂടിയ പൊട്ടിത്തെറി, പക്ഷങ്ങൾ, വിഭാഗങ്ങൾ, ഭിന്നതകൾ,

ഗലാ. 5:21 അസൂയ, മദ്യപാനം, വെറിക്കൂത്ത്, മുതലായവ എന്ന് വെളിവാകുന്നു, ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് ഞാൻ മുമ്പേ പറഞ്ഞതുപോലെ തന്നെ, ഇവയെക്കുറിച്ച് മുൻകൂട്ടി പറയുന്നു.

കൊലൊ. 4:11 യുസ്തൊസ് എന്ന് വിളിക്കപ്പെട്ട യേശുവും നിങ്ങളെ വന്ദനം ചെയ്യുന്നു; പരിച്ഛേദനക്കാരിൽ ഇവർ മാത്രമാണ് ദൈവരാജ്യത്തിനായി എന്റെ കൂട്ടുവേലക്കാർ, എനിക്ക് ആശ്വാസമായിത്തീർന്നവർ.

വെളി. 11:15 പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.

വെളി. 12:10 അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു.

**I. ഇന്ന് സഭ ജീവനിലുള്ള ക്രിസ്തുവിന്റെ വർധനവാണ്, എന്നാൽ നിത്യമായ ദൈവരാജ്യം ഭരണനിർവഹണത്തിലുള്ള ക്രിസ്തുവിന്റെ വർധനവാണ്—ദാനീ. 2:34-35; മർക്കൊ. 4:26-29:**

ദാനീ. 2:34 തിരുമനസ്സുകൊണ്ടു നോക്കിക്കൊണ്ടിരിക്കുമ്പോൾ കൈ തൊടാതെ ഒരു കല്ലു പറിഞ്ഞുവന്നു ബിംബത്തെ ഇരിമ്പും കളിമണ്ണുംകൊണ്ടുള്ള കാലിൽ അടിച്ചു തകർത്തുകളഞ്ഞു.

ദാനീ. 2:35 ഇരിമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരുപോലെ തകർന്നു വേനൽക്കാലത്തു കളത്തിലെ പതിർപോലെ ആയിത്തീർന്നു; ഒരിടത്തും തങ്ങാതവണ്ണം കാറ്റു അവയെ പറപ്പിച്ചു കൊണ്ടുപോയി; ബിംബത്തെ അടിച്ച കല്ലു ഒരു മഹാപർവ്വതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു.

മർക്കൊ. 4:26 പിന്നെ അവൻ പറഞ്ഞു, ഒരു മനുഷ്യൻ ഭൂമിയിൽ വിത്ത് എറിഞ്ഞതുപോലെ ആകുന്നു ദൈവരാജ്യവും,

മർക്കൊ. 4:27 പിന്നെ രാത്രിയും പകലും ഉറങ്ങിയും ഉണർന്നും, വിത്തു മുളയ്ക്കുകയും വളരുകയും ചെയ്യുന്നു, എങ്ങനെ എന്ന് അവൻ അറിയുന്നില്ല.

മർക്കൊ. 4:28 ഭൂമി തന്നെത്താൻ ഫലം കായ്ക്കുന്നു, ആദ്യം ഇലയും, പിന്നെ കതിരും, പിന്നെ കതിരിൽ നിറഞ്ഞ ധാന്യവും.

മർക്കൊ. 4:29 എന്നാൽ ഫലം വിളയുമ്പോൾ, കൊയ്ത്തു വന്നതിനാൽ ഉടനെ അവൻ അരിവാൾ അയയ്ക്കുന്നു.

A. സഭയായിത്തീരുവാൻ ജീവനിൽ ക്രിസ്തു വർധിക്കുന്നു; രാജ്യമായിത്തീരുവാൻ ഭരണനിർവഹണത്തിൽ ക്രിസ്തു വർധിക്കുന്നു—യോഹ. 3:15, 29, 30; ദാനീ. 2:34-35, 44.

യോഹ. 3:15 അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ.

യോഹ. 3:29 മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു; എന്നാൽ നിന്നു മണവാളനെ കേൾക്കുന്നവനായ അവന്റെ സ്നേഹിതൻ, മണവാളന്റെ ശബ്ദം നിമിത്തം സന്തോഷത്താൽ ആനന്ദിക്കുന്നു. അതുകൊണ്ട് എന്റെ ഈ സന്തോഷം പൂർണമായിരിക്കുന്നു.

യോഹ. 3:30 അവൻ വർധിക്കണം, ഞാനോ കുറയേണം.

ദാനീ. 2:34 തിരുമനസ്സുകൊണ്ടു നോക്കിക്കൊണ്ടിരിക്കുമ്പോൾ കൈ തൊടാതെ ഒരു കല്ലു പറിഞ്ഞുവന്നു ബിംബത്തെ ഇരിമ്പും കളിമണ്ണുംകൊണ്ടുള്ള കാലിൽ അടിച്ചു തകർത്തുകളഞ്ഞു.

ദാനീ. 2:35 ഇരിമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരുപോലെ തകർന്നു വേനൽക്കാലത്തു കളത്തിലെ പതിർപോലെ ആയിത്തീർന്നു; ഒരിടത്തും തങ്ങാതവണ്ണം കാറ്റു അവയെ പറപ്പിച്ചു കൊണ്ടുപോയി; ബിംബത്തെ അടിച്ച കല്ലു ഒരു മഹാപർവ്വതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു.

ദാനീ. 2:44 ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും; ആ രാജത്വം വേറെ ഒരു ജാതിക്കു ഏല്പിക്കപ്പെടുകയില്ല; അതു ഈ രാജത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കയും എന്നേക്കും നിലനിൽക്കയും ചെയ്യും.

B. ക്രിസ്തു സഭ മാത്രമല്ല ദൈവരാജ്യവുമാണ്; സഭയും രാജ്യവും അവന്റെ വർധനവാണ്—1 കൊരി. 12:12; ലൂക്കൊ. 17:21; മർക്കൊ. 4:26-29.

1 കൊരി. 12:12 എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.

ലൂക്കൊ. 17:21 ഇതാ, അത് ഇവിടെ! അല്ലെങ്കിൽ അവിടെ! എന്നും അവർ പറയുകയില്ല. എന്തെന്നാൽ ഇതാ, ദൈവരാജ്യം നിങ്ങളുടെ മധ്യേ ഉണ്ട്.

മർക്കൊ. 4:26 പിന്നെ അവൻ പറഞ്ഞു, ഒരു മനുഷ്യൻ ഭൂമിയിൽ വിത്ത് എറിഞ്ഞതുപോലെ ആകുന്നു ദൈവരാജ്യവും,

മർക്കൊ. 4:27 പിന്നെ രാത്രിയും പകലും ഉറങ്ങിയും ഉണർന്നും, വിത്തു മുളയ്ക്കുകയും വളരുകയും ചെയ്യുന്നു, എങ്ങനെ എന്ന് അവൻ അറിയുന്നില്ല.

മർക്കൊ. 4:28 ഭൂമി തന്നെത്താൻ ഫലം കായ്ക്കുന്നു, ആദ്യം ഇലയും, പിന്നെ കതിരും, പിന്നെ കതിരിൽ നിറഞ്ഞ ധാന്യവും.

മർക്കൊ. 4:29 എന്നാൽ ഫലം വിളയുമ്പോൾ, കൊയ്ത്തു വന്നതിനാൽ ഉടനെ അവൻ അരിവാൾ അയയ്ക്കുന്നു.

**II. വേദപുസ്തകം ആദ്യം രാജ്യത്തെ അവതരിപ്പിക്കുകയും, അതിനുശേഷം സഭയെ അവതരിപ്പിക്കുകയും ചെയ്യുന്നു; രാജ്യത്തിന്റെ സാന്നിധ്യം സഭയെ ഉളവാക്കുന്നു—മത്താ. 4:23; 16:18-19:**

മത്താ. 4:23 യേശുവോ അവരുടെ സിനഗോഗുകളിൽ ഉപദേശിച്ചുകൊണ്ടും രാജ്യത്തിന്റെ സുവിശേഷം പ്രഖ്യാപിച്ചുകൊണ്ടും ജനത്തിലെ സകല വ്യാധിയെയും ദീനത്തെയും സൗഖ്യമാക്കിക്കൊണ്ടും ഗലീലയിലൊക്കെയും ചുറ്റിസഞ്ചരിച്ചു.

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

മത്താ. 16:19 സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും.

A. ദൈവജീവൻ ദൈവരാജ്യമാണ്; ദിവ്യജീവൻ രാജ്യമാണ്, ഈ ജീവൻ സഭയെ ഉളവാക്കുന്നു—യോഹ. 3:3, 5; മത്താ. 7:14, 21; 19:17, 29; 25:46:

യോഹ. 3:3 യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു.

യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

മത്താ. 7:14 ജീവനിലേക്കു നയിക്കുന്ന കവാടം ഇടുക്കമുള്ളതും വഴി ഞെരുക്കവും ആയതിനാൽ, അതിനെ കണ്ടെത്തുന്നവർ ചുരുക്കം ആകുന്നു.

മത്താ. 7:21 എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും.

മത്താ. 19:17 അവൻ അവനോട്, നല്ലതിനെക്കുറിച്ച് നീ എന്നോട് ചോദിക്കുന്നത് എന്തിന്? നല്ലവൻ ഒരുവനേ ഉള്ളൂ. എന്നാൽ ജീവനിലേക്കു പ്രവേശിക്കുവാൻ നീ ഇച്ഛിക്കുന്നു എങ്കിൽ കൽപനകളെ പാലിക്കുക എന്നു പറഞ്ഞു.

മത്താ. 19:29 എന്റെ നാമം നിമിത്തം വീടുകളെയോ സഹോദരന്മാരെയോ സഹോദരിമാരെയോ അപ്പനെയോ അമ്മയെയോ മക്കളെയോ വയലുകളെയോ വിട്ട ഏവനും അത്രയുംതന്നെ നൂറുമടങ്ങു ലഭിക്കുകയും നിത്യജീവനെ അവകാശമാക്കുകയും ചെയ്യും.

മത്താ. 25:46 അങ്ങനെ ഇവർ നിത്യ ശിക്ഷയിലേക്കും, എന്നാൽ നീതിമാന്മാർ നിത്യ ജീവനിലേക്കും പോകും.

1. ജീവൻ അതിന്റെ ഉദ്ദേശ്യം നിവർത്തിക്കത്തക്കവണ്ണം അതിന് നീങ്ങുവാനും, വാഴുവാനും, ഭരിക്കുവാനുമുള്ള ജീവമണ്ഡലമാണ് രാജ്യം, ഈ മണ്ഡലം രാജ്യമാണ്.

2. സുവിശേഷം ദിവ്യജീവനെ കൊണ്ടുവരുന്നു, ഈ ജീവന് അതിന്റെ മണ്ഡലമുണ്ട്, അത് രാജ്യം ആണ്; ദിവ്യജീവൻ അതിന്റെ മണ്ഡലത്തോടുകൂടെ സഭയെ ഉളവാക്കുന്നു—2 തിമൊ. 1:10.

2 തിമൊ. 1:10 എന്നാൽ ഇപ്പോൾ നമ്മുടെ രക്ഷകനായ ക്രിസ്തു യേശുവിന്റെ പ്രത്യക്ഷതയിലൂടെ വെളിവായിരിക്കുന്നു, അവൻ മരണത്തെ ഇല്ലാതാക്കുകയും സുവിശേഷത്തിലൂടെ ജീവനെയും അദ്രവത്വത്തെയും വെളിച്ചത്തിലേക്ക് കൊണ്ടുവരുകയും ചെയ്തു,

3. രാജ്യത്തിന്റെ സുവിശേഷം സഭയെ പുറപ്പെടുവിക്കുന്നു, കാരണം രാജ്യം ജീവൻ തന്നെയാണ്, സഭ ജീവന്റെ ഫലമാണ്—മത്താ. 4:23; പ്രവൃ. 8:12.

മത്താ. 4:23 യേശുവോ അവരുടെ സിനഗോഗുകളിൽ ഉപദേശിച്ചുകൊണ്ടും രാജ്യത്തിന്റെ സുവിശേഷം പ്രഖ്യാപിച്ചുകൊണ്ടും ജനത്തിലെ സകല വ്യാധിയെയും ദീനത്തെയും സൗഖ്യമാക്കിക്കൊണ്ടും ഗലീലയിലൊക്കെയും ചുറ്റിസഞ്ചരിച്ചു.

പ്രവൃ. 8:12 എന്നാൽ ദൈവരാജ്യത്തിന്റെയും യേശു ക്രിസ്തുവിന്റെ നാമത്തിന്റെയും സുവിശേഷം അറിയിച്ച ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ, പുരുഷന്മാരും സ്ത്രീകളും, സ്നാനപ്പെട്ടു.

B. രാജ്യം സഭയുടെ യാഥാർഥ്യമാണ്; അതുകൊണ്ട്, രാജ്യജീവിതത്തെക്കൂടാതെ, നമുക്ക് സഭാജീവിതം നയിക്കുവാൻ കഴിയുകയില്ല—മത്താ. 5:3; 16:18-19; വെളി. 1:4-6, 9:

മത്താ. 5:3 ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു.

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

മത്താ. 16:19 സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും.

വെളി. 1:4 യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും,

വെളി. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

വെളി. 1:6 തന്റെ ദൈവവും പിതാവുമായവന് നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിയവന്, എന്നെന്നേക്കും മഹത്വവും ബലവും ഉണ്ടായിരിക്കട്ടെ. ആമേൻ.

വെളി. 1:9 നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ, ദൈവ വചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്നു വിളിക്കപ്പെടുന്ന ദ്വീപിൽ ആയിരുന്നു.

1. സ്വർഗരാജ്യത്തിന്റെ യാഥാർഥ്യം (മത്താ. 5—7) സഭാജീവിതത്തിന്റെ ഉള്ളടക്കമാണ്; രാജ്യത്തിന്റെ യാഥാർഥ്യമില്ലെങ്കിൽ സഭ ശൂന്യമാണ്.

   Matt 5~7 be omitted,

2. രാജ്യജീവിതം സഭാജീവിതത്തിൽ പരിണമിക്കുന്നതിനാൽ, രാജ്യജീവിതത്തിൽ നാം സംഘാതമായി ജീവിക്കുമ്പോൾ, നാം സ്വതേ സഭാജീവിതം നയിക്കുന്നു—റോമ. 14:17.

   റോമ. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

3. രാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കാത്ത ഒരു വിശ്വാസിക്ക് സഭയുടെ ഘടനയിലേക്ക് പണിയപ്പെടുവാൻ കഴിയുകയില്ല—എഫെ. 2:22.

   എഫെ. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

C. സഭയുടെ യാഥാർഥ്യമായ രാജ്യത്തെക്കൂടാതെ, സഭ പണിയപ്പെടുവാൻ കഴിയുകയില്ല—മത്താ. 16:18-19:

   മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

   മത്താ. 16:19 സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും.

1. രാജ്യത്തിന്റെ അധികാരം മുഖാന്തരം സഭ നിലവിൽ വരുന്നു.
2. സഭയുടെ കെട്ടുപണി സാധ്യമാകുവാൻ രാജ്യത്തിന്റെ താക്കോലുകൾ നൽകപ്പെടുന്നു—വാ. 19; 18:18; പ്ര.നി. യോഹ. 20:23.

   മത്താ. 16:19 സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും.

   മത്താ. 18:18 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും.

   യോഹ. 20:23 നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ, അവർക്ക് അവയെ ക്ഷമിച്ചിരിക്കുന്നു; നിങ്ങൾ ആരുടെ പാപങ്ങൾ നിലനിർത്തുന്നുവോ, അവ നിലനിർത്തിയിരിക്കുന്നു എന്നു

പറഞ്ഞു.

3. സ്വർഗരാജ്യത്തിന് വിശ്വാസികളുടെ ഒരു കൂട്ടത്തിന്മേൽ അതിന്റെ അധികാരം ഉറപ്പിക്കുവാൻ കഴിയുമ്പോൾ, ആ വിശ്വാസികൾക്ക് സഭയിലേക്ക് പണിയപ്പെടുവാൻ കഴിയും—കൊലൊ. 2:19; എഫെ. 4:15-16.

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

**III. യഥാർഥ സഭ ഈ യുഗത്തിൽ ദൈവരാജ്യമാണ്; ഇന്ന് വിശ്വാസികൾ സഭയിൽ രാജ്യജീവിതം നയിക്കുന്നു—മത്താ. 16:18-19; 18:17-18; 13:44-46; റോമ. 14:17; 1 കൊരി. 4:20; എഫെ. 2:19; കൊലൊ. 4:11; വെളി. 1:4-6:**

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

മത്താ. 16:19 സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും.

മത്താ. 18:17 അവൻ അവരെ കേൾക്കുവാൻ വിസമ്മതിച്ചാൽ, അതു സഭയോടു പറയുക; അവൻ സഭയെയും കേൾക്കുവാൻ വിസമ്മതിച്ചാൽ അവൻ നിനക്കു ജാതീയനും ചുങ്കക്കാരനും എന്നപോലെ ആകട്ടെ.

മത്താ. 18:18 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും.

മത്താ. 13:44 സ്വർഗരാജ്യം വയലിൽ മറഞ്ഞിരുന്ന നിധിയോട് സദൃശം, അതിനെ ഒരു മനുഷ്യൻ കണ്ടെത്തിയിട്ട് മറച്ചുവച്ച്, തന്റെ സന്തോഷത്തിൽ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുന്നു.

മത്താ. 13:45 വീണ്ടും, സ്വർഗരാജ്യം ശ്രേഷ്ഠമായ മുത്തുകൾ അന്വേഷിക്കുന്ന ഒരു വ്യാപാരിയോട് സദൃശം;

മത്താ. 13:46 വിലയേറിയ ഒരു മുത്ത് കണ്ടെത്തിയിട്ട്, അവൻ പോയി തനിക്കുണ്ടായിരുന്ന സകലവും വിറ്റ് അതിനെ വാങ്ങി.

റോമ. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

1 കൊരി. 4:20 ദൈവരാജ്യം സംസാരത്തിൽ അല്ല ശക്തിയിലത്രേ ആകുന്നു.

എഫെ. 2:19 അതിനാൽ നിങ്ങൾ ഇനി അന്യരും പരദേശികളും അല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനത്തിലെ അംഗങ്ങളും ആകുന്നു.

കൊലൊ. 4:11 യുസ്തൊസ് എന്ന് വിളിക്കപ്പെട്ട യേശുവും നിങ്ങളെ വന്ദനം ചെയ്യുന്നു; പരിച്ഛേദനക്കാരിൽ ഇവർ മാത്രമാണ് ദൈവരാജ്യത്തിനായി എന്റെ കൂട്ടുവേലക്കാർ, എനിക്ക് ആശ്വാസമായിത്തീർന്നവർ.

വെളി. 1:4 യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും,

വെളി. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

വെളി. 1:6 തന്റെ ദൈവവും പിതാവുമായവന് നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിയവന്, എന്നെന്നേക്കും മഹത്വവും ബലവും ഉണ്ടായിരിക്കട്ടെ. ആമേൻ.

A. കർത്താവായ യേശു സഭയെക്കുറിച്ച് സംസാരിച്ച ഓരോ പ്രാവശ്യവും അവൻ അത് രാജ്യത്തോടുള്ള ബന്ധത്തിൽ പരാമർശിച്ചു; രാജ്യവും സഭയും എത്ര അഗാധമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു—മത്താ. 16:18-19; 18:17-18:

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

മത്താ. 16:19 സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും.

മത്താ. 18:17 അവൻ അവരെ കേൾക്കുവാൻ വിസമ്മതിച്ചാൽ, അതു സഭയോടു പറയുക; അവൻ സഭയെയും കേൾക്കുവാൻ വിസമ്മതിച്ചാൽ അവൻ നിനക്കു ജാതീയനും ചുങ്കക്കാരനും എന്നപോലെ ആകട്ടെ.

മത്താ. 18:18 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും.

1. ഈ യുഗത്തിലെ സഭ ദൈവരാജ്യമാണെന്ന് റോമർ 14:17 തെളിയിക്കുന്നു.

റോമ. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

2. 1 കൊരിന്ത്യർ 4:20-ലെ *ദൈവരാജ്യം* സഭാജീവിതത്തെ സൂചിപ്പിക്കുന്നു (വാ. 17), അധികാരത്തിന്റെ ഭാവത്തിൽ, ഈ യുഗത്തിൽ സഭ ദൈവരാജ്യമാണെന്ന് അത് വിവക്ഷിക്കുന്നു.

   1 കൊരി. 4:20 ദൈവരാജ്യം സംസാരത്തിൽ അല്ല ശക്തിയിലത്രേ ആകുന്നു.

   1 കൊരി. 4:17 ഇതു നിമിത്തം ഞാൻ കർത്താവിൽ എന്റെ പ്രിയനും വിശ്വസ്തനുമായ മകൻ തിമൊഥെയൊസിനെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു, എല്ലായിടത്തുമുള്ള എല്ലാ സഭയിലും ഞാൻ ഉപദേശിക്കുന്നതുപോലെ, അവൻ ക്രിസ്തുവിലുള്ള എന്റെ വഴികളെക്കുറിച്ച് നിങ്ങളെ ഓർമപ്പെടുത്തും.

3. എഫെസ്യർ 2:19-ലെ *സഹപൗരന്മാർ* എന്ന പദം ദൈവരാജ്യത്തെ, ദൈവം തന്റെ അധികാരം പ്രയോഗിക്കുന്ന മണ്ഡലത്തെ സൂചിപ്പിക്കുന്നു.

   എഫെ. 2:19 അതിനാൽ നിങ്ങൾ ഇനി അന്യരും പരദേശികളും അല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനത്തിലെ അംഗങ്ങളും ആകുന്നു.

4. സഭകൾ സ്ഥാപിക്കുന്നതിനുവേണ്ടി പൗലൊസും അന്റെ കൂട്ടുവേലക്കാരും സുവിശേഷ വേലയിൽ ചെയ്തുകൊണ്ടിരുന്നത് ദൈവരാജ്യത്തിനു വേണ്ടിയായിരുന്നു—കൊലൊ. 4:11.

   കൊലൊ. 4:11 യുസ്തൊസ് എന്ന് വിളിക്കപ്പെട്ട യേശുവും നിങ്ങളെ വന്ദനം ചെയ്യുന്നു; പരിച്ഛേദനക്കാരിൽ ഇവർ മാത്രമാണ് ദൈവരാജ്യത്തിനായി എന്റെ കൂട്ടുവേലക്കാർ, എനിക്ക് ആശ്വാസമായിത്തീർന്നവർ.

5. വെളിപ്പാട് 1:6-ലെ *രാജ്യം* എന്ന പദം വെളിപ്പെടുത്തുന്നത് എവിടെ സഭയുണ്ടോ അവിടെ ദൈവരാജ്യം ഉണ്ടെന്നാണ്; സഭ രാജ്യത്തെ പ്രതിനിധാനം ചെയ്യുന്നു.

   വെളി. 1:6 തന്റെ ദൈവവും പിതാവുമായവന് നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിയവന്, എന്നെന്നേക്കും മഹത്വവും ബലവും ഉണ്ടായിരിക്കട്ടെ. ആമേൻ.

B. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ, ഒരേ സമയം നാം രാജ്യത്തിലും സഭയിലും, നിധിയിലും മുത്തിലും ആണ്—മത്താ. 13:44-46.

   മത്താ. 13:44 സ്വർഗരാജ്യം വയലിൽ മറഞ്ഞിരുന്ന നിധിയോട് സദൃശം, അതിനെ ഒരു മനുഷ്യൻ കണ്ടെത്തിയിട്ട് മറച്ചുവച്ച്, തന്റെ സന്തോഷത്തിൽ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുന്നു.

   മത്താ. 13:45 വീണ്ടും, സ്വർഗരാജ്യം ശ്രേഷ്ഠമായ മുത്തുകൾ അന്വേഷിക്കുന്ന ഒരു വ്യാപാരിയോട് സദൃശം;

   മത്താ. 13:46 വിലയേറിയ ഒരു മുത്ത് കണ്ടെത്തിയിട്ട്, അവൻ പോയി തനിക്കുണ്ടായിരുന്ന സകലവും വിറ്റ് അതിനെ വാങ്ങി.

**IV. രാജ്യമായ സഭയിൽ, നാം രാജ്യത്തിന്റെ വാഴ്ചയ്ക്കും, ഭരണത്തിനും, ശിക്ഷണത്തിനും, പ്രയോഗത്തിനും കീഴിലാണ്—1 കൊരി. 6:9-10; ഗലാ. 5:19-21; എഫെ. 5:5:**

1 കൊരി. 6:9 അനീതിയുള്ളവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു

നിങ്ങൾ അറിയുന്നില്ലയോ? തെറ്റിപ്പോകരുത്; പരസംഗക്കാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, ആണത്ത വിഹീനർ, സ്വവർഗഭോഗികൾ,

1 കൊരി. 6:10 കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപാനികൾ, അസഭ്യം പറയുന്നവർ, ദുർമോഹികൾ, ഇവരാരും തന്നെ ദൈവരാജ്യം അവകാശമാക്കുകയില്ല.

ഗലാ. 5:19 ജഡത്തിന്റെ പ്രവൃത്തികളോ, പരസംഗം, അശുദ്ധി, ദുഷ്കാമം,

ഗലാ. 5:20 വിഗ്രഹാരാധന, ആഭിചാരം, ശത്രുത, പോര്, സ്പർധ, കോപത്തോടുകൂടിയ പൊട്ടിത്തെറി, പക്ഷങ്ങൾ, വിഭാഗങ്ങൾ, ഭിന്നതകൾ,

ഗലാ. 5:21 അസൂയ, മദ്യപാനം, വെറിക്കൂത്ത്, മുതലായവ എന്ന് വെളിവാകുന്നു, ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് ഞാൻ മുമ്പേ പറഞ്ഞതുപോലെ തന്നെ, ഇവയെക്കുറിച്ച് മുൻകൂട്ടി പറയുന്നു.

എഫെ. 5:5 പരസംഗക്കാരനോ അശുദ്ധനോ അത്യാഗ്രഹിക്കോ (അവൻ വിഗ്രഹാരാധി ആകുന്നു) ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ ഒരവകാശവും ഇല്ലെന്ന് അറിഞ്ഞ് നിങ്ങൾ തിരിച്ചറിവുള്ളവരാകുവിൻ.

A. ഇന്ന് സഭ ദൈവരാജ്യമാണെങ്കിലും, നമ്മുടെ സ്വാഭാവിക ജീവനിലായിരിക്കാതെ, നാം ആത്മാവിൽ ജീവിക്കുകയും, നടക്കുകയും നമ്മുടെ ആളത്തം ആത്മാവിൽ ആയിരിക്കുകയും ചെയ്യുമ്പോൾ മാത്രമേ യഥാർഥ്യത്തിൽ രാജ്യത്തിൽ ആയിരിക്കുകയുള്ളൂ—റോമ. 8:4; ഗലാ. 5:16, 25.

റോമ. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

ഗലാ. 5:16 എന്നാൽ ഞാൻ പറയുന്നു, ആത്മാവിനാൽ നടക്കുവിൻ, നിങ്ങൾ ഒരുവിധത്തിലും ജഡത്തിന്റെ മോഹത്തെ നിവർത്തിക്കുകയില്ല.

ഗലാ. 5:25 ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ, ആത്മാവിനാൽ നമുക്ക് നടക്കുകയും ചെയ്യാം.

B. ദിവ്യ ത്രിത്വത്തിന്റെ പകർച്ചയിൻ കീഴിലുള്ളവർ എന്ന നിലയിൽ, നാം പക്വത പ്രാപിക്കുന്നതുവരെ ദിവ്യജീവനിൽ വളരുകയും വികാസം പ്രാപിക്കുകയും ചെയ്തുകൊണ്ട് സഭയിൽ രാജ്യജീവിതം നയിക്കണം—2 കൊരി. 13:14; റോമ. 14:17; 2 പത്രൊ. 1:5-11.

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

റോമ. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

2 പത്രൊ. 1:5 ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;

2 പത്രൊ. 1:6 പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;

2 പത്രൊ. 1:7 ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

2 പത്രൊ. 1:8 എന്തെന്നാൽ ഈ കാര്യങ്ങൾ നിങ്ങളിൽ നിലനിന്നും വർധിച്ചും കൊണ്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പൂർണ, പരിജ്ഞാനത്തിങ്കലേക്കു നിങ്ങളെ നിഷ്ക്രിയരോ നിഷ്ഫലരോ ആകാതെ സംരചിക്കുന്നു.

2 പത്രൊ. 1:9 എന്തെന്നാൽ ഈ കാര്യങ്ങൾ ഉള്ളിൽ ഇല്ലാത്തവൻ, ഹ്രസ്വദൃഷ്ടിയുള്ളവനായി, തന്റെ പൂർവകാല പാപങ്ങളുടെ കഴുകൽ മറന്നുപോയ കുരുടനാകുന്നു.

2 പത്രൊ. 1:10 അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പുള്ളതാക്കുവാൻ അധികം ശുഷ്കാന്തിയുള്ളവരായിരിക്കുവിൻ, എന്തെന്നാൽ ഇവ ചെയ്യുന്നതു നിമിത്തം നിങ്ങൾ ഒരുവിധത്തിലും, ഒരിക്കലും ഇടറിപ്പോകുകയില്ല.

2 പത്രൊ. 1:11 ഇങ്ങനെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം നിങ്ങൾക്ക് സമ്പന്നവും ധാരാളവുമായി പകർന്നുനൽകപ്പെടും.

## V. സഭ രാജ്യത്തെ കൊണ്ടുവരുന്നു—മത്താ. 6:10; 12:22-29; വെളി. 11:15; 12:10:

മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

മത്താ. 12:22 അപ്പോൾ കുരുടനും ഊമനുമായ ഒരു ഭൂതഗ്രസ്തനെ അവർ അവന്റെ അടുക്കൽ കൊണ്ടുവന്നു, ഊമൻ സംസാരിക്കുകയും കാണുകയും ചെയ്യത്തക്കവണ്ണം അവൻ അവനെ സൗഖ്യമാക്കി.

മത്താ. 12:23 സകല പുരുഷാരവും അമ്പരന്നു, ഇതു ദാവീദിന്റെ പുത്രനല്ലയോ? എന്നു പറഞ്ഞു.

മത്താ. 12:24 എന്നാൽ പരീശന്മാർ ഇതു കേട്ടിട്ട്, ഇവൻ ഭൂതങ്ങളുടെ അധിപനായ ബെയെത്സെബൂലിനാൽ അല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല എന്നു പറഞ്ഞു.

മത്താ. 12:25 എന്നാൽ അവരുടെ നിരൂപണങ്ങളെ അറിഞ്ഞുകൊണ്ട് അവൻ അവരോടു പറഞ്ഞു, അതിനെതിരായിത്തന്നെ ഭിന്നിച്ച ഏതു രാജ്യവും നിർജനമായിത്തീരുന്നു, അതിനെതിരായിത്തന്നെ ഭിന്നിച്ച ഏതു പട്ടണമോ വീടോ നിൽക്കുകയുമില്ല.

മത്താ. 12:26 സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ എങ്ങനെ അവന്റെ രാജ്യം നിൽക്കും?

മത്താ. 12:27 ഞാനോ ബെയെത്സെബൂലിനാൽ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ, നിങ്ങളുടെ പുത്രന്മാർ ആരാൽ അവയെ പുറത്താക്കുന്നു? അതുകൊണ്ട് അവർ നിങ്ങളുടെ ന്യായാധിപന്മാർ ആകും.

മത്താ. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു

എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

മത്താ. 12:29 അല്ലെങ്കിൽ ബലവാനെ ആദ്യം ബന്ധിക്കാഞ്ഞാൽ ഒരുവനു ബലവാന്റെ ഭവനത്തിലേക്കു കയറി അവന്റെ ചരക്കുകൾ എങ്ങനെ കൊള്ളയടിക്കുവാൻ കഴിയും? അതിനുശേഷം അവന്റെ ഭവനത്തെ അവൻ തീർത്തും കൊള്ളയടിക്കും.

വെളി. 11:15 പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.

വെളി. 12:10 അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു.

A. രാജ്യത്തെ കൊണ്ടുവരുക എന്ന ഉദ്ദേശ്യത്തിനുവേണ്ടി സഭയെ നിലവിലേക്ക് കൊണ്ടുവന്നു—മത്താ. 16:18-19; 18:17-18; വെളി. 1:6, 9; 11:15:

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

മത്താ. 16:19 സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും.

മത്താ. 18:17 അവൻ അവരെ കേൾക്കുവാൻ വിസമ്മതിച്ചാൽ, അതു സഭയോടു പറയുക; അവൻ സഭയെയും കേൾക്കുവാൻ വിസമ്മതിച്ചാൽ അവൻ നിനക്കു ജാതീയനും ചുങ്കക്കാരനും എന്നപോലെ ആകട്ടെ.

മത്താ. 18:18 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും.

വെളി. 1:6 തന്റെ ദൈവവും പിതാവുമായവന് നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിയവന്, എന്നെന്നേക്കും മഹത്വവും ബലവും ഉണ്ടായിരിക്കട്ടെ. ആമേൻ.

വെളി. 1:9 നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ, ദൈവ വചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്നു വിളിക്കപ്പെടുന്ന ദ്വീപിൽ ആയിരുന്നു.

വെളി. 11:15 പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ,

ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.

1. ക്രിസ്തുവിന്റെ വിജയത്തെ നിലനിർത്തുകുയും ദൈവത്തിന്റെ രാജ്യത്തെ കൊണ്ടുവരുകയും ചെയ്യുകയാണ് സഭയുടെ ഉത്തരവാദിത്വം—12:10-11; 11:15.

   വെളി. 12:10 അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു.

   വെളി. 12:11 അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല.

   വെളി. 11:15 പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.

2. ഭൂമിയിൽ സഭയുടെ വേല ദൈവരാജ്യത്തെ കൊണ്ടുവരികയാണ്; സഭയുടെ എല്ലാ വേലയും ദൈവരാജ്യത്തിന്റെ തത്ത്വത്താൽ ഭരിക്കപ്പെടുന്നു.

3. സ്വർഗത്തിന്റെ ഹിതം താഴെ ഭൂമിയിലേക്ക് കൊണ്ടുവരുന്നതിനും അത് ഭൂമിയിൽ നടപ്പിലാക്കുന്നതിനും സഭ ഉത്തരവാദിയാണ്—മത്താ. 6:10; 7:21; 12:50.

   മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

   മത്താ. 7:21 എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും.

   മത്താ. 12:50 സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ ആരോ, അവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു.

B. സ്വർഗത്തിന്റെ ഭരണത്തിൻ കീഴിലേക്കു വരുന്ന സഭ, സ്വർഗീയ ഭരണത്തിന് അവൾ കീഴ്പ്പെടുന്നതു നിമിത്തം, ദൈവത്തിന്റെ ശത്രുവിനോട് ഇടപെടുന്നു—16:18-19; എഫെ. 6:10-18:

   മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

   മത്താ. 16:19 സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ

ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും.

എഫെ. 6:10 ഒടുവിൽ, കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും, ശക്തിപ്പെടുവിൻ.

എഫെ. 6:11 പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ.

എഫെ. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

എഫെ. 6:13 അതുകൊണ്ട് ദുഷ്ട നാളിൽ ചെറുത്തുനിൽക്കുവാനും, സകലതും ചെയ്തശേഷം നിങ്ങൾക്കു നിൽക്കുവാനും കഴിയേണ്ടതിന്, ദൈവത്തിന്റെ സർവായുധവർഗം എടുക്കുവിൻ.

എഫെ. 6:14 അതുകൊണ്ട്, സത്യത്താൽ നിങ്ങളുടെ അരകെട്ടിയും നീതിയുടെ മാർകവചം ധരിച്ചും,

എഫെ. 6:15 സമാധാന സുവിശേഷത്തിന്റെ ഉറച്ച അടിസ്ഥാനം കൊണ്ട് നിങ്ങളുടെ പാദങ്ങൾക്ക് ചെരിപ്പിട്ടും,

എഫെ. 6:16 ഇവയ്ക്കു പുറമേ, ദുഷ്ടന്റെ സകല തീയമ്പുകളെയും കെടുത്തുവാൻ കഴിയുന്ന, വിശ്വാസത്തിന്റെ പരിച എടുത്തും നിൽക്കുവിൻ,

എഫെ. 6:17 രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

എഫെ. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

1. സ്വർഗരാജ്യം സ്ഥാപിക്കപ്പെടുന്നതിനായി ആത്മിക പോരാട്ടത്തിന്റെ ആവശ്യമുണ്ട്—മത്താ. 12:22-29.

മത്താ. 12:22 അപ്പോൾ കുരുടനും ഊമനുമായ ഒരു ഭൂതഗ്രസ്തനെ അവർ അവന്റെ അടുക്കൽ കൊണ്ടുവന്നു, ഊമൻ സംസാരിക്കുകയും കാണുകയും ചെയ്യത്തക്കവണ്ണം അവൻ അവനെ സൗഖ്യമാക്കി.

മത്താ. 12:23 സകല പുരുഷാരവും അമ്പരന്നു, ഇതു ദാവീദിന്റെ പുത്രനല്ലയോ? എന്നു പറഞ്ഞു.

മത്താ. 12:24 എന്നാൽ പരീശന്മാർ ഇതു കേട്ടിട്ട്, ഇവൻ ഭൂതങ്ങളുടെ അധിപനായ ബെയെത്സെബൂലിനാൽ അല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല എന്നു പറഞ്ഞു.

മത്താ. 12:25 എന്നാൽ അവരുടെ നിരൂപണങ്ങളെ അറിഞ്ഞുകൊണ്ട് അവൻ അവരോടു പറഞ്ഞു, അതിനെതിരായിത്തന്നെ ഭിന്നിച്ച ഏതു രാജ്യവും നിർജനമായിത്തീരുന്നു, അതിനെതിരായിത്തന്നെ ഭിന്നിച്ച ഏതു പട്ടണമോ വീടോ നിൽക്കുകയുമില്ല.

മത്താ. 12:26 സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ എങ്ങനെ അവന്റെ രാജ്യം നിൽക്കും?

മത്താ. 12:27 ഞാനോ ബെയെത്സെബൂലിനാൽ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ, നിങ്ങളുടെ പുത്രന്മാർ ആരാൽ അവയെ പുറത്താക്കുന്നു? അതുകൊണ്ട് അവർ നിങ്ങളുടെ ന്യായാധിപന്മാർ ആകും.

മത്താ. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

മത്താ. 12:29 അല്ലെങ്കിൽ ബലവാനെ ആദ്യം ബന്ധിക്കാഞ്ഞാൽ ഒരുവനു ബലവാന്റെ ഭവനത്തിലേക്കു കയറി അവന്റെ ചരക്കുകൾ എങ്ങനെ കൊള്ളയടിക്കുവാൻ കഴിയും? അതിനുശേഷം അവന്റെ ഭവനത്തെ അവൻ തീർത്തും കൊള്ളയടിക്കും.

2. ക്രിസ്തു ഭൂമിയിൽ നടത്തിയ യുദ്ധം തുടരുക എന്നതാണ് സഭയുടെ ഉത്തരവാദിത്വം; സാത്താനെതിരെ ക്രിസ്തു നടത്തിയ വിജയകരമായ വേല സഭ തുടർന്നുകൊണ്ടുപോകണം—എബ്രാ. 2:14; 1 യോഹ. 3:8; കൊലൊ. 2:15; സങ്കീ. 149:5-9.

എബ്രാ. 2:14 ആകയാൽ മക്കൾ ജഡരക്തത്തിൽ പങ്കെടുത്തിരിക്കുന്നതുകൊണ്ട്, താനും അപ്രകാരം അവയിൽ പങ്കുകൊണ്ട്, മരണത്തിന്റെ പ്രഭാവമുള്ളവനെ, അതായത്, പിശാചിനെ മരണത്തിലൂടെ നശിപ്പിച്ച്,

1 യോഹ. 3:8 പാപം അഭ്യസിക്കുന്നവൻ പിശാചിൽ നിന്നാകുന്നു, എന്തുകൊണ്ടെന്നാൽ പിശാച് ആദിമുതൽ പാപം ചെയ്തിരിക്കുന്നു. പിശാചിന്റെ പ്രവൃത്തികളെ, നശിപ്പിക്കേണ്ടതിനാകുന്നു ദൈവപുത്രൻ വെളിവായത്.

കൊലൊ. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

സങ്കീ. 149:5 ഭക്തന്മാർ മഹത്വത്തിൽ ആനന്ദിക്കട്ടെ; അവർ തങ്ങളുടെ ശയ്യകളിൽ ഘോഷിച്ചുല്ലസിക്കട്ടെ.

സങ്കീ. 149:6 അവരുടെ വായിൽ ദൈവത്തിന്റെ പുകഴ്ചകളും അവരുടെ കയ്യിൽ ഇരുവായ്ത്തലയുള്ള വാളും ഉണ്ടായിരിക്കട്ടെ. ജാതികൾക്കു പ്രതികാരവും വംശങ്ങൾക്കു ശിക്ഷയും നടത്തേണ്ടതിന്നും

സങ്കീ. 149:7 അവരുടെ രാജാക്കന്മാരെ ചങ്ങലകളാലും അവരുടെ പ്രഭുക്കന്മാരെ ഇരിമ്പുവിലങ്ങുകളാലും ബന്ധിക്കേണ്ടതിന്നും

സങ്കീ. 149:8 എഴുതിയിരിക്കുന്ന വിധി അവരുടെമേൽ നടത്തേണ്ടതിന്നും തന്നേ.

സങ്കീ. 149:9 അതു അവന്റെ സർവ്വഭക്തന്മാർക്കും ബഹുമാനം ആകുന്നു. യഹോവയെ സ്തുതിപ്പിൻ.

## VI. ദൈവരാജ്യത്തെ കൊണ്ടുവരാൻ സഭ പ്രാർഥിക്കണം—മത്താ. 6:10:

മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

A. ഇന്ന് സഭാജീവിതത്തിൽ രാജ്യം ഇവിടെയുണ്ടെങ്കിലും, രാജ്യത്തിന്റെ പ്രത്യക്ഷത ഇനിയും വന്നിട്ടില്ല.

B. രാജ്യത്തിന്റെ വരവ് സ്വയമേയല്ല; പ്രാർഥന ഇല്ലെങ്കിൽ രാജ്യത്തിന് വരാൻ കഴിയില്ല; അങ്ങനെ, രാജ്യം വരുന്നതിന് നാം പ്രാർഥിക്കണം.

C. സഭയുടെ പ്രാർഥനയാണ് സാത്താനെ കീഴടക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം—16:19; 18:18.

മത്താ. 16:19 സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും.

മത്താ. 18:18 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും.

D. സ്വർഗത്തിന്റെ അധികാരം ഭൂമിയിൽ ആവിഷ്കരിക്കപ്പെടുവാൻ അനുവദിക്കുന്ന, സ്വർഗത്തിന്റെ നിർഗമന മാർഗമായിരിക്കണം സഭ—16:18-19; 18:17-18.

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

മത്താ. 16:19 സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും.

മത്താ. 18:17 അവൻ അവരെ കേൾക്കുവാൻ വിസമ്മതിച്ചാൽ, അതു സഭയോടു പറയുക; അവൻ സഭയെയും കേൾക്കുവാൻ വിസമ്മതിച്ചാൽ അവൻ നിനക്കു ജാതീയനും ചുങ്കക്കാരനും എന്നപോലെ ആകട്ടെ.

മത്താ. 18:18 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും.

E. യഥാർഥ പ്രാർഥന ദൈവത്തിന്റെ രാജ്യം ഭൂമിയിലേക്ക് കൊണ്ടുവരുന്നതിനും ഭൂമിയിൽ അവന്റെ ഹിതം നടപ്പിലാക്കുന്നതിനുമുള്ള ഒരു സംയുക്ത അധ്വാനമാണ്; തന്മൂലം, പ്രാർഥന ഒരു ആത്മിക പോരാട്ടമാണ്—6:10; 2 കൊരി. 10:4; എഫെ. 6:12.

മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

2 കൊരി. 10:4 ഞങ്ങളുടെ യുദ്ധത്തിന്റെ ആയുധങ്ങൾ ജഡികമല്ല, കോട്ടകളെ

മറിച്ചിടുവാൻ ദൈവമുമ്പാകെ ശക്തിയുള്ളവയത്രേ,

എഫെ. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

**VII. ദൈവത്തിന്റെ ഹിതത്തെയും അവന്റെ ശത്രുവിനെയും സ്പർശിക്കുന്ന, ദൈവരാജ്യത്തെ എല്ലായ്പോഴും തങ്ങളുടെ മുമ്പാകെ വയ്ക്കുന്നവരാണ് ദൈവത്തിന്റെ കൈകളിൽ ഏറ്റവും ഉപയോഗമുള്ള വേലക്കാർ—മത്താ. 6:33; 7:21; 25:21, 23; കൊലൊ. 4:11.**

മത്താ. 6:33 എന്നാൽ ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവിൻ, ഇവയെല്ലാം നിങ്ങൾക്കു കൂട്ടിച്ചേർക്കപ്പെടും.

മത്താ. 7:21 എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും.

മത്താ. 25:21 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

മത്താ. 25:23 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

കൊലൊ. 4:11 യുസ്തൊസ് എന്ന് വിളിക്കപ്പെട്ട യേശുവും നിങ്ങളെ വന്ദനം ചെയ്യുന്നു; പരിച്ഛേദനക്കാരിൽ ഇവർ മാത്രമാണ് ദൈവരാജ്യത്തിനായി എന്റെ കൂട്ടുവേലക്കാർ, എനിക്ക് ആശ്വാസമായിത്തീർന്നവർ.

**ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:**

**രാജ്യവും സഭയും തമ്മിലുള്ള ബന്ധം**

തിരുവെഴുത്ത് വായന: മത്താ. 16:18-19; എഫെ. 1:22-23; 4:15-16; കൊലൊ. 2:19

പുതിയനിയമത്തിന്റെ പ്രാരംഭ പ്രഖ്യാപനം ഇതാണ്: "സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ. 3:2). പുതിയനിയമം രാജ്യത്തിന്റെ കാര്യത്തിലേക്ക് അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. എന്നാൽ അൽപസമയത്തിനുശേഷം ശിഷ്യന്മാർ അവനെ അറിയുന്നതിനായി വന്നപ്പോൾ, കർത്താവ് സഭയുടെ വിഷയം ഉന്നയിച്ചു. കഴിഞ്ഞ എല്ലാ തലമുറകളിലും മറഞ്ഞുകിടന്ന ഒരു മർമമായിരുന്നു സഭ; തന്റെ ശിഷ്യന്മാർ കർത്താവായ യേശുവിനെ "ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" ആയി അംഗീകരിക്കുന്ന ഘട്ടത്തിലേക്ക് അവർ കൊണ്ടുവരപ്പെടുന്നതുവരെ അവൻ സഭയെക്കുറിച്ച് പരസ്യമായി സംസാരിച്ചില്ല. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്ന് പത്രൊസ് പറഞ്ഞപ്പോൾ, "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" (16:16-18) എന്ന വാക്കുമായി കർത്താവ് ഉടനെ കടന്നുവന്നു. അത് അവൻ ഇങ്ങനെ

പറയുന്നതുപോലെയായിരുന്നു: "ഞാൻ ദൈവപുത്രനായ ക്രിസ്തു ആയിരിക്കുന്നത് എന്റെ സഭയെ പണിയുക എന്ന ഈ ഉദ്ദേശ്യത്തിനുവേണ്ടിയാണ്. ദൈവപുത്രനെന്ന നിലയിലും ക്രിസ്തുവെന്ന നിലയിലും ഞാൻ പണിയപ്പെടുവാൻ പോകുന്ന കെട്ടിടത്തിന്റെ അടിസ്ഥാനക്കല്ലായ ഒരു പാറയാണ്; ഞാൻ അടിസ്ഥാനമായിരിക്കുന്ന ആ കെട്ടിടം സഭയാണ്."

സഭയെക്കുറിച്ചുള്ള ആദ്യത്തെ പരാമർശം മത്തായി 16-ലാണെന്നും മത്തായി രാജ്യത്തെ പ്രഖ്യാപിക്കുന്ന പുസ്തകമാണെന്നും നമുക്ക് ഓർത്തിരിക്കാം. സഭയെക്കുറിച്ചുള്ള കർത്താവിന്റെ രണ്ടാമത്തെ പരാമർശം അപ്പോഴും മത്തായിയുടെ പുസ്തകത്തിൽ തന്നെയാണ്—അധ്യായം 18. നമ്മുടെ കർത്താവ് ഭൂമിയിൽവച്ച് സഭയെ പരാമർശിച്ച രണ്ട് സന്ദർഭങ്ങൾ മാത്രമാണ് നാലു സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഇവ രണ്ടും രാജ്യത്തെ പ്രത്യേകമായി പ്രഖ്യാപിക്കുന്ന പുസ്തകത്തിലാണ്. ആ വസ്തുതയിൽനിന്നും രാജ്യവും സഭയും എത്രമാത്രം ദൃഢബദ്ധമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് നമുക്കറിയാം. പുതിയനിയമത്തിലുടനീളം ഇവ രണ്ടും ഏറ്റവും അടുത്ത ബന്ധത്തിൽ ഒരുമിച്ച് മുന്നേറുന്നതായി നാം കാണുന്നു. "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" എന്ന് കർത്താവ് പറഞ്ഞപ്പോൾ, "സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു തരും" എന്ന് അവൻ ഉടനെ കൂട്ടിച്ചേർത്തു. സഭയുടെ കെട്ടുപണി സാധ്യമാക്കുന്നതിനാണ് രാജ്യത്തിന്റെ താക്കോലുകൾ നൽകിയത്. രാജ്യത്തിന്റെ അധികാരം ഇല്ലാത്തിടത്ത് സഭയുടെ കെട്ടുപണിയുടെ കുറവുണ്ടായിരിക്കും. രാജ്യത്തിന്റെ അധികാരത്തിന് കീഴടങ്ങുവാൻ വിസമ്മതിക്കുന്ന ഏതൊരുവനും കുറഞ്ഞപക്ഷം രക്ഷിക്കപ്പെട്ട ഒരു വ്യക്തിയായിരിക്കാം; അവൻ ഒരിക്കലും സഭയുടെ ഘടനയിലേക്ക് പണിയപ്പെട്ടിരിക്കുകയില്ല.

വേദപുസ്തകം രാജ്യത്തെ അവതരിപ്പിക്കുകയും അതിനുശേഷം സഭയെ അവതരിപ്പിക്കുകയും ചെയ്യുന്നു. സ്വർഗരാജ്യം അധികാരത്തിലുള്ളിടത്ത് ഒരു സഭ പണിയപ്പെടും. ഒരു കൂട്ടം ആളുകൾ സ്വർഗത്തിന്റെ ഭരണത്തെ അംഗീകരിക്കുന്നിടത്ത് ഒരു സഭ നിലവിൽവരുന്നു. അതിനാൽ അത് സഭയെ ളളവാക്കുന്ന രാജ്യത്തിന്റെ സാന്നിധ്യമായി പ്രത്യക്ഷപ്പെടും. എന്നാൽ പുതിയനിയമം അതിനപ്പുറം പോകുന്നു. അത് പുതിയനിയമ വെളിപാടിന്റെ ഒരു പകുതി മാത്രമാണ്; മറ്റേ പകുതി ഇതാണ്—സഭ രാജ്യത്തെ കൊണ്ടുവരുന്നു. സ്വർഗത്തിന്റെ ഭരണത്തിൻ കീഴിൽ നിലവിൽ വരുന്ന സഭ, സ്വർഗീയ ഭരണത്തോടുള്ള അവളുടെ കീഴടങ്ങൽ നിമിത്തം ദൈവത്തിന്റെ ശത്രുവിനോട് ഇടപെടുന്നു. ദൈവത്തിന്റെ ശത്രുവിന്റെ സാന്നിധ്യമാണ് ഭൂമിയിൽ ദൈവഹിതം ചെയ്യുന്നതിൽനിന്ന് തടസ്സപ്പെടുത്തുന്നത്; സഭ ദൈവത്തിന്റെ അധികാരത്തെ പ്രയോഗിക്കുന്നതിലൂടെയാണ് ശത്രുവിനെ പുറത്താക്കുന്നത്. അപ്പോൾ പുതിയ യെരൂശലേം പ്രത്യക്ഷപ്പെടുകയും, പുതിയ യെരൂശലേമിൽ രാജ്യവും സഭയും ഒന്നായി സമന്വയിച്ചിരിക്കുന്നത് നിങ്ങൾ കാണുകയും ചെയ്യുന്നു. പുതിയ യെരൂശലേം മണവാട്ടിയാണ്; എഫെസ്യർ 5 അനുസരിച്ച് അത് സഭയാണ്. അത് ഭരണകൂടത്തെക്കുറിച്ച് സംസാരിക്കുന്ന ഒരു നഗരവുമാണ്; ഈ ഭരണകേന്ദ്രത്തിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനമുണ്ട്. പുതിയ യെരൂശലേം സഭയെയും രാജ്യത്തെയും അതിൽത്തന്നെ സംയോജിപ്പിക്കുന്നു. ഇത് പറയുമ്പോൾ, പുതിയനിയമത്തിന്റെ മുഴുവൻ ഉള്ളടക്കവും ഞങ്ങൾ ഒരു വാക്യത്തിൽ സംഗ്രഹിച്ചിരിക്കുന്നു. അതിനെ നമുക്ക് മൂന്ന് പ്രസ്താവനകളിൽ

പ്രകടിപ്പിക്കാം—രാജ്യം സഭയെ ഉളവാക്കുന്നു, സഭ രാജ്യത്തെ കൊണ്ടുവരുന്നു, ആത്യന്തിക ഫലം രാജ്യവും സഭയുമാണ്. രാജ്യത്തെ അവതരിപ്പിക്കുകയും അതിനുശേഷം സഭയെ അവതരിപ്പിക്കുകയും ചെയ്തുകൊണ്ട് പുതിയനിയമം തുറക്കുന്നു. എന്നാൽ എങ്ങനെയാണ് സഭ ഒരു യാഥാർഥ്യമായിത്തീരുന്നത്? അത് രാജ്യാധികാരത്തിന്റെ പ്രയോഗത്തിലൂടെയാണ്. ഭരിക്കുവാനുള്ള അവകാശം സഭ രാജ്യത്തിന് വിട്ടുകൊടുക്കുകയും അതിന്റെ അധികാരത്തിന് കീഴ്പ്പെടുകയും ചെയ്യുമ്പോൾ, സഭ സ്വർഗത്തിന്റെ ആധിപത്യത്തെ ഭൂമിയിലേക്ക് കൊണ്ടുവരുന്നു. പുതിയനിയമത്തിലുടനീളം സഭ രാജ്യവുമായി സമന്വയിക്കുന്നതും, ഒടുവിൽ ഈ സമന്വയനം പുതിയ യെരൂശലേമിൽ പരിണമിക്കുന്നതുവരെ രാജ്യം സഭയുമായി സമന്വയിക്കുന്നതും നാം കാണുന്നു. സഭയുടെ പ്രകൃതത്തെയും രാജ്യത്തിന്റെ അവസ്ഥകളെയും നിങ്ങൾക്ക് കണ്ടെത്തുവാൻ കഴിയുന്നിടമായ പുതിയ യെരൂശലേമിൽ, തന്റെ സർവാധികാരം പൂർണമായി ആവിഷ്കരിക്കുവാൻ ദൈവം പ്രാപ്തനായിരിക്കുകയും, അതുകൊണ്ട് അവന്റെ ഇഷ്ടം നടപ്പിലാക്കുവാനും അവന്റെ തേജസ്സ് പ്രദർശിപ്പിക്കാവാനും കഴിയുകയും ചെയ്യും.

ആ സംഗ്രഹം മനസ്സിൽ വെച്ചുകൊണ്ട് നമുക്ക് ഇപ്പോൾ അന്വേഷിക്കാം: എന്തുകൊണ്ടാണ് സഭ ആവശ്യമായിരിക്കുന്നത്? ഏതാനും വാക്കുകളിൽ മാത്രമേ നമുക്ക് ഉത്തരം സൂചിപ്പിക്കുവാൻ കഴിയുകയുള്ളൂ. പ്രപഞ്ചത്തെ സംബന്ധിച്ച് ദൈവത്തിന് ഒരു ഉദ്ദേശ്യമുണ്ട്, എന്നാൽ അതിന്റെ പൂർത്തീകരണത്തിന് അവൻ അധികാരം പ്രയോഗിക്കേണ്ടത് അനിവാര്യമായിരുന്നു, കാരണം ഞങ്ങൾ നേരത്തെ സൂചിപ്പിച്ചതുപോലെ, അധികാരമില്ലാത്തിടത്ത് ഒരു പദ്ധതിയും നടപ്പിലാക്കുവാൻ കഴിയുകയില്ല. ദൈവത്തിന് അവന്റെ ഉദ്ദേശ്യം നടപ്പിലാക്കുവാൻ കഴിയുമോ ഇല്ലയോ എന്നത് അധികാരത്തിന്റെ ഈ വിഷയത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ ശത്രു ദൈവത്തിന്റെ ഉദ്ദേശ്യത്തെ തടസ്സപ്പെടുത്തുവാൻ അന്വേഷിച്ചപ്പോൾ അവൻ നിർണായകമായ ഒരു കാര്യം ചെയ്തു—അവൻ ദൈവത്തിന്റെ അധികാരത്തെ ലംഘിച്ചു. സാഹചര്യത്തെ നേരിടുവാൻ ദൈവം എങ്ങനെ ശ്രമിച്ചു? അധികാരം പ്രയോഗിക്കുവാൻ കഴിയുന്ന മറ്റൊരു സൃഷ്ടിയെ സുരക്ഷിതമാക്കിക്കൊണ്ട് അവൻ അങ്ങനെ ചെയ്തു. തന്റെ ഇഷ്ടം ഫലപ്രദമായി നടപ്പിലാക്കുവാനുള്ള മാർഗത്തിന്റെ അവകാശം അവനു നൽകുന്ന ഒരു കൂട്ടം മനുഷ്യരെ അവൻ അന്വേഷിച്ചു. ഭൂമിയിൽ ആധിപത്യം സ്ഥാപിക്കുവാൻ അവനെ അനുവദിക്കുന്ന ഒരു കൂട്ടം മനുഷ്യരെ അവന് സുരക്ഷിതമാക്കുവാൻ കഴിഞ്ഞുവെങ്കിൽ മാത്രമേ, അവരിലും അവരിലൂടെയും ക്രിസ്തുവിനെ സംബന്ധിച്ച അവന്റെ ഉദ്ദേശ്യം നിറവേറ്റുവാൻ കഴിയുമായിരുന്നുള്ളൂ. ഇക്കാരണത്താലായിരുന്നു ദൈവത്തിന് സഭ ആവശ്യമായിരുന്നത്. തന്റെ രാജ്യത്തെ സ്വർഗത്തിൽനിന്ന് ഭൂമിയിലേക്ക് കൊണ്ടുവരുന്നതിന് സഭ ഉണ്ടായിരിക്കണമെന്ന് അവൻ ആഗ്രഹിച്ചു.

ഇപ്പോൾ ഉയരുന്ന ചോദ്യം ഇതാണ്: സഭ സുരക്ഷിതമാക്കപ്പെടുന്നത് എങ്ങനെയാണ്? നമുക്ക് ഇങ്ങനെ ഉത്തരം പറയാം: “നമ്മുടെ പാപങ്ങളുടെ മോചനത്തിനായി കർത്താവായ യേശു തന്റെ രക്തം ചൊരിയുകയും, നാം വീണ്ടുംജനിക്കുകയും അതുവഴി സഭയെ സംരചിക്കുകയും ചെയ്യുന്നതിനുവേണ്ടി തന്റെ ജീവൻ നൽകുകയും ചെയ്തു.” ഇത് മതിയായ സത്യമാണ്, എന്നാൽ ഇത് സത്യത്തിന്റെ വളരെ ഉപരിപ്ലവമായ ഒരു വശമാണ്. തിരുവെഴുത്തുകൾ ഈ കൂടുതൽ ആഴത്തിലുള്ള വശം അവതരിപ്പിക്കുന്നു—സ്വർഗത്തിന്റെ സർവാധികാര ഭരണത്തിലൂടെ സഭ സുരക്ഷിതമാക്കപ്പെട്ടിരിക്കുന്നു. സ്വർഗരാജ്യത്തിന് ഒരു കൂട്ടം

മനുഷ്യരുടെമേൽ അതിന്റെ അധികാരം ഉറപ്പിക്കുവാൻ കഴിയുന്നതുകൊണ്ട്, ആ മനുഷ്യരുടെ കൂട്ടം ഒരു സഭയായി പണിയപ്പെട്ടിരിക്കുവാൻ കഴിയും. ഈ ഘട്ടത്തിൽ വിഷയം സംഗ്രഹിക്കേണ്ടത് ആവശ്യമാണ്. എന്തുകൊണ്ടാണ് സഭ നിലവിൽ വന്നത്? അത് രാജ്യത്തെ കൊണ്ടുവരുക എന്ന ഉദ്ദേശ്യത്തിനു വേണ്ടിയായിരുന്നു. എങ്ങനെയായിരുന്നു സഭ നിലവിൽ വന്നത്? അത് രാജ്യത്തിന്റെ അധികാരം മുഖേനയായിരുന്നു. അവന്റെ സ്വർഗീയ ആധിപത്യം ഭൂമിയിലേക്ക് കൊണ്ടുവരിക എന്നതായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം, സഭയെക്കൂടാതെ അവന്റെ ലക്ഷ്യം കൈവരിക്കുവാൻ കഴിയുമായിരുന്നില്ല. സ്വർഗത്തിന്റെ ആധിപത്യത്തിൻ കീഴിൽ ജനം സഭയിൽ പണിയപ്പെട്ടിരിക്കത്തക്കവണ്ണം ആ ആധിപത്യത്തിന് തങ്ങളെത്തന്നെ കീഴ്പെടുത്തുന്ന ഒരു ജനം അവന് ആവശ്യമായിരുന്നു. അതാണ് മത്തായി 16 വെളിപ്പെടുത്തുന്നത്. നമ്മുടെ രക്ഷയാൽ മാത്രം നാം സഭയായിത്തീരുന്നുവെന്ന് സങ്കൽപ്പിക്കരുത്. രക്ഷിക്കപ്പെട്ട നാം സഭയിലാണെങ്കിലും നമ്മുടെ രക്ഷ മാത്രം നമ്മെ സഭയായി സംരചിക്കുന്നില്ല. സഭ ഒരു ശരീരമാണ്; അതുകൊണ്ട്, ബന്ധപ്പെട്ടിരിക്കുന്നതിന്റെ ആവശ്യവും, കെട്ടുപണിയുടെ ആവശ്യവും ഉണ്ട്.

ഞാൻ ഉദാഹരിക്കട്ടെ. നമ്മുടെ ശരീരത്തിന് വളരെയധികം അസ്ഥികളുണ്ട്, എന്നാൽ അനേകം അസ്ഥികൾ ചേരുന്നതാണോ ഒരു ശരീരം? പഴയനിയമ പുസ്തകമായ യെഹെസ്കേൽ ഉത്തരം നൽകട്ടെ. യിസ്രായേൽമക്കൾ ദൈവത്തിന്റെ സന്നിധിയിൽ ഉണങ്ങിയ അസ്ഥിക്കൂമ്പാരം പോലെയായിരുന്നുവെന്ന് യെഹെസ്കേൽ പറയുന്നു. ഒരു ദിവസം ജീവശ്വാസം അവയിലേക്ക് വരുകയും, അസ്ഥികൾ ഒരുമിച്ചുചേരുകയും, അവ ഒരു ശരീരമായിത്തീരുകയും ചെയ്തു (യെഹെ. 37).

ഒന്നുകൂടി ദൃഷ്ടാന്തീകരിച്ചാൽ, സഭ ഒരു ഭവനമാണ്. അത് ദൈവത്തിന്റെ വാസസ്ഥലം, ദൈവത്തിന്റെ ആലയം, ആണ്. രക്ഷിക്കപ്പെട്ട നാം "ജീവനുള്ള കല്ലുകൾ" ആണെന്നും ഒരു "ആത്മിക ഭവന"മായി ഒരുമിച്ച് പണിയപ്പെടുന്നുവെന്നും (1 പത്രൊ. 2:5) ഇപ്പോൾ വേദപുസ്തകം പറയുന്നു. കല്ലുകൾകൊണ്ട് ഒരു വീട് പണിയപ്പെടുന്നുവെന്ന് നാം സമ്മതിക്കുന്നു, എന്നാൽ കല്ലുകളുടെ ഒരു കൂമ്പാരം ഒരു വീടല്ല. സഹോദരീ സഹോദരന്മാരേ, ആയിരം സഹോദരീ സഹോദരന്മാർ ഇവിടെ ഒരുമിച്ചു കൂടിയാൽ ഇവിടെ സഭയുണ്ടെന്ന് നിസ്സാരമായി എടുക്കരുത്. എന്താണ് സഭ? രക്ഷിക്കപ്പെട്ടവർ ഒരുമിച്ചു കൂടുന്നതാണ് സഭ. എന്നാൽ അത് എന്തു തരം ഒരുമിച്ചു കൂടലാണ്? അനേകം കല്ലുകൾ ഒരുമിച്ചു കൂമ്പാരമിട്ടിരിക്കുന്നത് ഒരു വീടല്ല. അപ്പോൾ എന്താണ് വീട്? ഇത് കല്ലിനു മുകളിൽ കല്ല് പണിയുന്നതാണ്—ഈ ഒരു കല്ല് മറ്റൊന്നിന്റെമേൽ ഉറപ്പിക്കുകയും, ആ ഒരു കല്ല് മറ്റൊന്നിന്റെ വശത്തും, മുകളിലും താഴെയും, ഇടത്തോട്ടും വലത്തോട്ടും, മുമ്പിലും പിമ്പിലും ഉറപ്പിക്കുകയും, എല്ലാം അന്യോന്യമുള്ള ബന്ധത്തിൽ തികവുള്ളതായി വച്ചിരിക്കുന്നതുമാണ്. കല്ലുകൾ ഒരുമിച്ചു ചേർത്തു പണിയുന്നില്ലെങ്കിൽ ഒരു വീടുണ്ടായിരിക്കുവാൻ കഴിയുകയില്ല. കൂട്ടിച്ചേർത്ത ഒരു കെട്ടിടമല്ലാതെ ഒരു വീടും ഉണ്ടാകില്ല. ആയിരം സഹോദരീ സഹോദരന്മാർ ഒരുമിച്ച് കൂടുകയും എല്ലാവരും രക്ഷിക്കപ്പെട്ടവരും ആയിരിക്കാം, എന്നാൽ അവർ ഒരുമിച്ച് പണിയപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്ന് നാം അപ്പോഴും ചോദിക്കും. അവർ തീർച്ചയായും സഭാ സാമഗ്രികളാണ്, എന്നാൽ അവർ സഭയാണോ അല്ലയോ എന്നത് അവർ ഒരുമിച്ച് പണിയപ്പെട്ടിട്ടുണ്ടോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. കെട്ടുപണിയില്ലെങ്കിൽ സഭയില്ല.

പണിയപ്പെടുക എന്നാൽ എന്താണ് അർഥമാക്കുന്നതെന്ന് ഒരുപക്ഷെ ചിലർ ചോദിക്കും. ഖേദകരമെന്നു പറയട്ടെ, മത്തായി 16-ൽ ഉപയോഗിച്ചിരിക്കുന്ന *പണിയുക* എന്ന പദം പുതിയ നിയമത്തിൽ പലപ്പോഴും കാണപ്പെടുന്നുണ്ടെങ്കിലും, അത് പലപ്പോഴും "ആത്മികവർധനവ്" എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. അതുകൊണ്ട് വിശ്വാസികൾ "ആത്മികവർധനവ്" പ്രാപിക്കുന്നുവെന്നും സഭ "ആത്മികവർധനവ്" പ്രാപിക്കുന്നുവെന്നും നാം വായിക്കുന്നു. എന്നാൽ യഥാർഥ ഭാഷ (*ആത്മികവർധനവ്* എന്ന പദം ചെയ്യുന്നതുപോലെ) "ധാർമികമായി മെച്ചപ്പെടുക" അഥവാ "ആത്മികമായി പ്രയോജനപ്പെടുക" എന്നല്ല, മറിച്ച് വാസ്തവത്തിൽ "പണിയുക" എന്നാണ് വിവക്ഷിക്കുന്നത്. നാം എങ്ങനെയാണ് പണിയപ്പെടുന്നത്?' ഇവിടെ ഒരു കല്ലുണ്ട്. ഒരു പണിക്കാരൻ ഒരു ഉപകരണവുമായി വരുകയും കല്ലിന്റെ പ്രതലം നിരപ്പാകുന്നതുവരെ അവൻ അതിന്മേൽ ഉപകരണം ഉപയോഗിക്കുകയും ചെയ്യുന്നു. എന്നാൽ ആ കല്ല് കെട്ടിടത്തിലെ ഒരു നിശ്ചിത സ്ഥലത്ത് ഒതുങ്ങണം. കല്ല് ത്രികോണാകൃതിയിലാണ്. സ്ഥലം ദീർഘചതുരാകൃതിയിലാണ്. അതിനാൽ, കല്ലിന്റെ ആകൃതിയും കെട്ടിടത്തിലെ സ്ഥലവും തികച്ചും യോജിക്കുന്നതുവരെ കല്ല് ചെത്തിച്ചെത്തി ശരിയാക്കിയെടുക്കണം. അപ്പോൾ സ്ഥലത്തിനൊത്തവണ്ണം കല്ല് യോജിക്കുന്നു. കല്ല് അവിടെ അലങ്കാരമായിരിക്കുവാനല്ല; അത് അവിടെ കെട്ടിടത്തിന്റെ ഒരു ഭാഗമായിരിക്കുവാനാണ്. ധാരാളം അലങ്കാര കല്ലുകൾ ആവശ്യമില്ല. അനേകം കൂടിവരവുകളിലും മനോഹരമായ കല്ലുകളുടെ ഒരു പ്രദർശനമുണ്ട്, എന്നാൽ കല്ലുകളുടെ ഒരു ഭവനമായുള്ള കെട്ടുപണി ഉണ്ടായിരിന്നില്ലെന്ന് ഞാൻ ഭയപ്പെടുന്നു. ദൈവം ആഗ്രഹിക്കുന്നത് അനേകം വിലയേറിയ കല്ലുകളല്ല; അവൻ ഒരു ആത്മിക ഭവനം ആഗ്രഹിക്കുന്നു.

സന്തോഷപ്രദരായ ക്രിസ്ത്യാനികളായ സഹോദരന്മാരെ നാം പലപ്പോഴും കണ്ടുമുട്ടുന്നു. അവരുടെ ജീവിതം നന്നായി ക്രമപ്പെടുത്തിയതാണ്; അവർ പ്രഭാത ജാഗരണത്തെക്കുറിച്ച് ശ്രദ്ധാലുക്കളും സുവിശേഷ വേലയിൽ ആത്മാർഥതയുള്ളവരുമാണ്. അവർ "ആത്മികവർധന"വിനായി നിരവധി യോഗങ്ങളിൽ പങ്കെടുക്കുകയും മറ്റുള്ളവരുടെ അഭിനന്ദനം സ്വീകരിക്കുന്ന അളവിൽ വാസ്തവമായി "ആത്മികവർധനവ്" പ്രാപിക്കുകയും ചെയ്തിട്ടുണ്ട്; എന്നിട്ടും അവർ "പണിയപ്പെടുവാൻ" കഴിയാതവണ്ണം വ്യക്തിഗതരായി തുടരുന്നു. അവർ വിലയേറിയ കല്ലുകളാണ്, സാധാരണ കളിമണ്ണുമായോ കല്ലുകളുമായോ യോജിപ്പിക്കുവാൻ കഴിയാത്തത്ര വിലയേറിയ കല്ലുകളാണ്. മറ്റുള്ളവരുമായി ഒരു കെട്ടിടത്തിലേക്ക് പണിതുചേർക്കുവാൻ കഴിയാത്തത്ര മനോഹരമാണ് അവർ, അതിനാൽ അവർ വ്യക്തിഗത ക്രിസ്ത്യാനികളായി തുടരുന്നു, പ്രദർശനത്തിന് മനോഹരമാണ്, എന്നാൽ കെട്ടിടത്തിന് നല്ലതല്ല. ദൈവം ആഗ്രഹിക്കുന്നത് ഒരു ഭവനമാണ്, കല്ലുകൾ എത്ര മനോഹരമാണെങ്കിലും അനേകം വേർപെട്ടുകിടക്കുന്ന കല്ലുകളല്ല ദൈവം ആഗ്രഹിക്കുന്നത്. ചിതറിക്കിടക്കുന്ന അനേകം ക്രിസ്ത്യാനികളെയല്ല, ഒരു സമ്പൂർണ സഭയെയാണ് ദൈവം ആഗ്രഹിക്കുന്നത്.

"ഓ, അവൾ വളരെ വിലയേറിയ സഹോദരിയാണ്, വളരെ ആത്മികയാണ്" എന്ന് ഒരു സഹോദരി, മറ്റൊരുവളെക്കുറിച്ച് എന്നോട് സംസാരിച്ചു. ഞാൻ അവളെക്കുറിച്ച് കൂടുതൽ ചോദിച്ചപ്പോൾ അവൾ പറഞ്ഞു: "ഓ, അവൾ വളരെ താഴ്മയുള്ളവളും, വളരെ ശാന്തയും, വളരെ മൃദുലയുണ്; അവൾ അസ്വസ്ഥയായി ഞങ്ങൾ ഒരിക്കലും അറിഞ്ഞിട്ടില്ല." അവൾ പിന്നെയും കൂട്ടിച്ചേർത്തു: "അവൾ വളരെ ആത്മികയാണ്." ഞാൻ ചോദിച്ചു: "അവൾ ആരുമായാണ്

ആത്മികയായിരിക്കുന്നത്? അവൾ ഒരു ഒറ്റപ്പെട്ട ആത്മിക സഹോദരിയാണോ അതോ അവളുടെ ആത്മികത മറ്റുള്ളവരുമായി അവളെ ബന്ധപ്പെടുത്തുന്നതാണോ?" സഹോദരി മറുപടി പറഞ്ഞു: "ഓ, ഉയർന്ന സ്വരങ്ങൾ പാടുവാൻ കഴിവുള്ള ഗായകരോടുകൂടെ പാടുന്ന ചിലരെ അവൾ കണ്ടെത്തുന്നു." കഷ്ടം! ആർക്കും അവളുടെ ആത്മിക കൂട്ടാളിയാകുവാൻ കഴിയാത്തത്ര വളരെ ആത്മികയായിരുന്നു ആ സഹോദരി. അങ്ങനെയുള്ള ഒരു സഹോദരി പ്രദർശനോദ്ദേശ്യങ്ങൾക്ക് വളരെ നല്ലതാണ്, എന്നാൽ സഭാ കെട്ടിടത്തിന് അവൾ ഉപയോഗമുള്ളവളല്ല. സഭയിൽ ആവശ്യമുള്ള സഹോദരി അവളുടെ പുറകിൽ ഒരുവളും, അവളുടെ മുമ്പിൽ ഒരുവളും, അവളുടെ ഇടതുവശത്ത് ഒരുവളും, അവളുടെ വലതുവശത്ത് ഒരുവളും, അവളുടെ താഴെ ഒരുവളും മുകളിൽ ഒരുവളും ഉണ്ടായിരിക്കുവാൻ കഴിയുന്നവളായിരിക്കണം. അതാണ് ഇന്ന് ദൈവം അന്വേഷിക്കുന്ന തരത്തിലുള്ള ക്രിസ്ത്യാനി.

കഴിഞ്ഞ രണ്ടായിരം വർഷങ്ങളിൽ ദൈവത്തിന്റെ ഉദ്ദേശ്യത്തിന് ഏറ്റവും വലിയ തടസ്സങ്ങളിൽ ഒന്നും, നമ്മുടെ കർത്താവിന് തന്റെ മടങ്ങിവരവ് വൈകിപ്പിക്കേണ്ടിവന്നതിനുള്ള പ്രധാന കാരണവും, ഒരുമിച്ച് കെട്ടുപണി ചെയ്യപ്പെട്ട ക്രിസ്ത്യാനികളുടെ, ആത്മിക ക്രിസ്ത്യാനികളുടെ, കുറവാണ്. ലോകമെമ്പാടും നിങ്ങൾക്ക് ക്രിസ്ത്യാനികളെ കണ്ടെത്തുവാൻ കഴിയുകയും ആത്മികരായ ക്രിസ്ത്യാനികളെ കണ്ടെത്തുവാൻ കഴിയുകയും ചെയ്യും; എന്നാൽ എവിടെയെങ്കിലും ഒരു ആത്മിക ഭവനം പണിതിട്ടുള്ളത് കാണുവാൻ കഴിയുമോ? വളരെ മനോഹരമാകുന്നതുവരെ പണിതുചേർക്കപ്പെട്ട നിരവധി കല്ലുകളുണ്ട്, എന്നാൽ കെട്ടിടം എവിടെയാണ്? കർത്താവിന് നമ്മോട് കരുണ ഉണ്ടായിരിക്കട്ടെ.

സഹോദരീ സഹോദരന്മാരേ, ഒരു കെട്ടിടം ഉണ്ടായിരിക്കണമെങ്കിൽ നിറവേറപ്പെടേണ്ട ഒരു നിബന്ധനയുണ്ട്. ഒഴിച്ചുകൂടാനാവാത്ത ഒരു നിബന്ധന രാജ്യത്തിന്റെ അധികാരത്തിന് കീഴടങ്ങുന്നതാണ്. നമ്മുടെ രക്ഷകൻ പ്രപഞ്ചത്തിന്റെ തലയായിരിക്കുവാൻ ഉയർത്തപ്പെട്ടിരിക്കുന്നു, സ്വർഗത്തിലും ഭൂമിയിലും എല്ലാ അധികാരങ്ങളും അവന് നൽകപ്പെട്ടുമിരിക്കുന്നു. ദൈവം സകലത്തെയും അവന്റെ കാൽക്കീഴിലാക്കുകയും, അവനെ സകലത്തിനുംമീതെ സഭയുടെ തലയാക്കുകയും ചെയ്തിരിക്കുന്നു. ഒന്നാമതായി, സഭ അവന്റെ തലയായ്മയിൻകീഴിൽ വരണമെന്ന് ഇത് വിവക്ഷിക്കുന്നു. എന്താണ് തലയായ്മ? അത് തലയുടെ ഭരണമാണ്. സഭ പണിയപ്പെടണമെങ്കിൽ നാം തലയുടെ അധികാരത്തിന് കീഴ്പ്പെടണമെന്ന് നാം തിരിച്ചറിയണം. തലയില്ലാത്തിടത്ത് അധികാരമില്ല, അവിടെ സഭ പണിയപ്പെടുന്നതിനെക്കുറിച്ചുള്ള ചോദ്യം പോലും ഉയരുവാൻ കഴിയുകയില്ല. സഭയുടെ കെട്ടുപണിയെക്കുറിച്ച് ഉടനീളം സംസാരിക്കുന്ന എഫെസ്യർ 4:15-16-ൽ, നാം "തലയായ ക്രിസ്തുവിലേക്ക് സകലത്തിലും വളരുക" എന്നത് പ്രാഥമിക പ്രാധാന്യമുള്ളതായി കാണിക്കുന്നു. എത്ര കാര്യങ്ങളിലാണ് നാം വാസ്തവത്തിൽ അവനിലേക്ക് വളരുന്നത്? നമ്മുടെ താഴ്മപോലും, നമ്മുടെ സ്നേഹംപോലും, നമ്മുടെ മറ്റനവധി നല്ല ഗുണങ്ങൾപോലും അവന്റെ തലയായ്മയിൻകീഴിൽ വളരുന്നില്ല. നമ്മുടെ സ്നേഹബന്ധങ്ങൾ ക്രിസ്തുവിനാൽ ഭരിക്കപ്പെടുകയും അവന്റെ തലയായ്മയിൻ കീഴിൽ മറ്റെല്ലാ ആഗ്രഹിക്കത്തക്ക ഗുണങ്ങളും വികസിപ്പിച്ചെടുക്കുകയും ചെയ്യുക എന്നതിന്റെ അർഥമെന്താണെന്ന് നാം ഇതുവരെ മനസ്സിലാക്കിയിട്ടില്ല. എല്ലാ കാര്യങ്ങളിലും തലയിലേക്ക് വാസ്തവമായി വളരുന്നിടത്ത്, ഈ രണ്ടു വാക്യങ്ങൾ കാണിക്കുന്നതുപോലെ ശരീരത്തിന്റെ കെട്ടുപണി പിന്തുടരും. "ശരീരം മുഴുവനും

കൂട്ടിച്ചേർക്കപ്പെട്ടും, കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട് സ്നേഹത്തിൽ അതിന്റെ തന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.” "തലയെ മുറുകെ പിടിക്കു"ന്നതിനെക്കുറിച്ച് കൊലൊസ്സ്യർ 2:19 സംസാരിക്കുന്നു. അത് എന്താണ് അർഥമാക്കുന്നത്? അതർഥമാക്കുന്നത് സകലത്തിലും നാം തലയുടെ അധികാരത്തിന് കീഴടങ്ങുന്നു എന്നാണ്. "രക്ഷകനെ മുറുകെ പിടിക്കുക" എന്നോ "ജീവനെ മുറുകെ പിടിക്കുക" എന്നോ അതു പറയുന്നില്ല എന്നത് ശ്രദ്ധിക്കുക. തലയുടെ ഭരണത്തിന് നാം കീഴടങ്ങുമ്പോൾ, അതേ വാക്യം പറയുന്ന കെട്ടിടം ഉണ്ടായിരിക്കും—"അവനിൽനിന്നല്ലോ ശരീരം മുഴുവൻ സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട് ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.” നമുക്ക് തലയുടെ അധികാരത്തോട് വിധേയത്വം ഉണ്ടെങ്കിൽ, നമുക്ക് ശരീരത്തിന്റെ കെട്ടുപണിയുണ്ട്. സ്വർഗത്തിന്റെ ഭരണം എവിടെ സുരക്ഷിതമാണോ, അവിടെ സഭയും സുരക്ഷിതമാണ്. നമ്മുടെ മധ്യത്തിൽ സഭ ഏതളവു വരെ പണിയപ്പെടുന്നു എന്നത് നമ്മുടെ മധ്യത്തിൽ സഭയുടെ തലയ്ക്ക് നൽകുന്ന സ്ഥാനത്തെ ആശ്രയിച്ചിരിക്കും.

"ശരീരം മുഴുവനും കൂട്ടിച്ചേർക്കപ്പെട്ടും, കൂട്ടിയിണയ്ക്കപ്പെട്ടും—അതാണ് സഭാകെട്ടിടം. എന്നാൽ അതെങ്ങനെ സംഭവിക്കുന്നു? "അവനിൽ നിന്നല്ലോ ശരീരം മുഴുവനും കൂട്ടിച്ചേർക്കപ്പെട്ടും, കൂട്ടിയിണയ്ക്കപ്പെട്ടും” ഇരിക്കുന്നത്. ഓരോ അവയവവും തലയ്ക്ക് കീഴ്പെടുമ്പോൾ ഇത് സംഭവിക്കുന്നു; ഓരോരുത്തരും സ്വർഗരാജ്യത്തിന്റെ ഭരണത്തെ അംഗീകരിക്കുമ്പോൾ ഇത് സംഭവിക്കുന്നു. തലയുടെ നിയന്ത്രണത്തിൻ കീഴിൽ വരുന്നവരിലൂടെ മാത്രമേ സഭയെന്ന കെട്ടിടം സുരക്ഷിതമായിരിക്കുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് സഭ പണിയപ്പെടുമോ ഇല്ലയോ എന്ന ചോദ്യം എനിക്കും നിങ്ങൾക്കും രാജ്യത്തിന്റെ അധികാരം അംഗീകരിക്കുവാൻ കഴിയുമോ ഇല്ലയോ എന്ന ഒരു ചോദ്യമായിത്തീരുന്നു. (*The Collected Works of Witness Lee, 1957,* vol. 3, “The Kingdom and the Church,” pp. 261-266)